പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.291 | | 19.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| നഗരങ്ങളിലെ ശുചിത്വ സംവിധാനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ബി.സത്യൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, സി.കൃഷ്ണൻ<br>,, പി.കെ. ശശി | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ നഗരങ്ങളിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ; | (എ) | സംസ്ഥാനത്തെ നഗരങ്ങളിലെ ശുചിത്വ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ മാലിന്യ സംസ്കരണം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ട്. |
| (ബി) | സ്ഥല ലഭ്യതയുടെ അപര്യാപ്തതയും പൊതുവെ സ്വീകാര്യമായ മാലിന്യ സംസ്കരണ രീതികൾ പ്രാവർത്തികമാകാത്തതും കണക്കിലെടുത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്രീകൃതമായ രീതിയിൽ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11.06.2018 ലെ സ.ഉ (എം.എസ്) നം.82/2018/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി. യെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലും പദ്ധതിയിൽ പങ്കെടുക്കേണ്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപകല്പന, നിർമ്മാണം, ആവശ്യമായ സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ, പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പ് തുടങ്ങിയവ പൂർണ്ണമായും സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്വമാണ്. രണ്ടു വർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിങ്ങ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെൻഡറുകൾ സമർപ്പിക്കേണ്ടത്. പ്രസ്തുത പദ്ധതി യുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയ്ക്കുവേണ്ടിയുള്ള ടെൻഡർ പ്രസിദ്ധപ്പെടുത്തുകയും ആയതിന് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് നിയമപരമായി ആവശ്യമുള്ള അനുമതികളും ക്ലിയറൻസുകളും ലഭ്യമായി കഴിഞ്ഞാലുടൻതന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതായിരിക്കും. രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കായുള്ള ടെൻഡർ 2019 ജനുവരിമാസത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ മൂന്നു പദ്ധതികൾക്കും ഒരു ബിഡ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെൻഡർ ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ടെൻഡർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>കൂടാതെ കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ് -റ്റു- എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് ജി ജെ എക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി കൊച്ചി കോർപറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ അനുമതികൾ ലഭ്യമാക്കി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലുമാണ്. മൂന്നാറിൽ AG Dauters Waste Processing Pvt Ltd- ന്റെ മേൽനോട്ടത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 01/2/2019 -ൽ സ.ഉ.(എം.എസ്) നം.13/2019/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ വയനാട് സുൽത്താൻ ബത്തേരിയിൽ നിർമ്മാണം നടന്നു വരുന്ന മാലിന്യ സംസ്കരണ പ്ലാന്റ് താമസംവിനാ കമ്മീഷൻ ചെയ്യുന്നതാണ് |

| | | | |
|---|---|---|---|
| (സി) | വിപുലമായ ശുചിത്വ ബോധവൽക്കരണ പ്രവർത്തനത്തിലൂടെയും അനുയോജ്യമായ മാതൃകകൾ അവതരിപ്പിച്ചുകൊണ്ടും ഉറവിട മാലിന്യ സംസ്കരണം സംസ്കാരമാക്കിത്തീർക്കുന്നതിന് വേണ്ട പ്രവർത്തനം ഊർജ്ജിതമാക്കുമോ; അജൈവ മാലിന്യ സംസ്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ; | (സി) | ഉറവിട മാലിന്യ സംസ്കരണം ഒരു ശീലമാക്കി തീർക്കുന്നതിനായി പല വിധത്തിലുള്ള ബോധവൽക്കരണ/ശീലവത്ക്കരണ പ്രവർത്തനങ്ങൾ പല തലങ്ങളിലായി (സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനതലം എന്നിങ്ങനെ) നടപ്പിലാക്കി വരുന്നു. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ അവതരിപ്പിച്ച് കാണിക്കുന്നതിന് വിവിധ തലങ്ങളിലായി എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നു. അജൈവ മാലിന്യ ശേഖരണത്തിനായി 941 ഗ്രാമ പഞ്ചായത്തുകളിലും 93 നഗരസഭകളിലും ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട് (നിലവിൽ പ്രവർത്തിക്കുന്ന ഏജൻസികൾ ഉൾപ്പടെ). ഇതിൽ 533 ഗ്രാമപഞ്ചായത്തുകളും 70 നഗരസഭകളും ഉൾപ്പടെ 603 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നടന്നു വരുന്നു. |
| (ഡി) | തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ നടപ്പാക്കുന്ന സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് വ്യാപകമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്' പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച 14 നഗരസഭകളിൽ 7 നഗരസഭകൾ (മട്ടന്നൂർ, മാവേലിക്കര, ചിറ്റൂർ-തത്തമംഗലം, നോർത്ത് പറവൂർ, പുനലൂർ,വൈക്കം, കൊയിലാണ്ടി) എന്നിവിടങ്ങളിൽ 10 വാർഡുകളെ വീതം "സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്" ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത നഗരസഭകളിലെ ബാക്കി വാർഡുകൾ കൂടി 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്' ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ആറ്റിങ്ങൽ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭ/ കോർപ്പറേഷനുകളെ 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്' ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മറ്റു നഗരസഭകളിൽ കൂടി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് പദ്ധതി. |

സെക്ഷൻ ഓഫീസർ